**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3285** **25-10-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി ഭവാനി ടീ ആൻഡ് പ്രൊഡ്യൂസ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ഭവാനി ടീ ആൻഡ് പ്രൊഡ്യൂസ് കമ്പനിയുടെ പേരിൽ എത്ര ഏക്കർ തോട്ടമുണ്ട്; പ്രസ്തുത കമ്പനിക്ക് ലാൻഡ് ട്രൈബ്യൂണലും താലൂക്ക് ലാൻഡ് ബോർഡും ഭൂപരിധിയിൽ ഇളവ് നൽകിയത് എന്നാണ്; വ്യക്തമാക്കാമോ; | (എ) | അട്ടപ്പാടി ഭവാനി ടീ ആൻഡ് പ്രൊഡ്യൂസ് കമ്പനിയുടെ പേരിൽ ഷോളയൂർ വില്ലേജിൽ 872.3800 ഹെക്ടർ തോട്ടമുണ്ട്. പ്രസ്തുത കമ്പനിക്ക് മണ്ണാർക്കാട് താലൂക്ക് ലാൻഡ് ബോർഡിന്റെ 13/07/1995-ലെ CC 158/74 ഉത്തരവ് പ്രകാരം ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ബ്രിട്ടീഷ് കമ്പനികൾ കൈവശം വെച്ചിരുന്ന പാട്ടഭൂമിയാണോ; പ്രസ്തുത സ്ഥലം നിലവിൽ പാട്ട ഭൂമിയാണോ; അല്ലെങ്കിൽ ഉടമസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ഭൂമി ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്ന പാട്ടഭൂമിയാണോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. നിലവിൽ ടി ഭൂമി പാട്ട ഭൂമിയല്ല. വില്ലേജിലെ എ&ബി രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമി ദി ഭവാനി ടീ &പ്രൊഡ്യൂസ് കമ്പനി എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുള്ളതും, പ്രസ്തുത കമ്പനിയുടെ പേരിൽ തന്നെ നിലവിൽ ഉടമസ്ഥാവകാശം നിലനിൽക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ